ലക്കിടി കഞ്ചൻ നമ്പ്യാർ സ്മാരകം

93 (3060) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലക്കിടി കഞ്ചൻ നമ്പ്യാർ സ്മാരകം മലയാളം സർവ്വകലാശാലയുടെ പഠനകേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) നിലവിൽ കഞ്ചൻ സ്മാരകത്തിൽ എന്തെല്ലാം കോഴ്സുകൾ നടത്തി വരുന്നു ; ഏതു സർവ്വകലാശാലയുമായാണ് അഫിലിയേഷൻ നടത്തിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കഞ്ചൻനമ്പ്യാർ സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഓട്ടൻതുള്ളൽ, മൃദംഗം, മോഹിനിയാട്ടം, കർണ്ണാടക സംഗീതം എന്നീ കലാവിഷയങ്ങളിൽ 3 വർഷം കാലാവധിയുള്ള കോഴ്സുകൾ നടത്തുന്നു. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. മൂന്നാം വർഷം കലാമണ്ഡലം പരീക്ഷ നടത്തുകയും സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുകയും ചെയ്യുന്നു. കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുമായി അഫിലിയേഷൻ നിലവിലില്ല.

(സി) ബാധകമല്ല.

തലശ്ശേരി കോട്ടയിലെ പീരങ്കിയുടെ സംരക്ഷണം

94 (3061) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭ്യമായ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പീരങ്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly